# HAND BOOK ON
# E-HOSPITAL ONBOARDING

## NextGen e-Hospital

### INDEX


| Sl No | Subject | Page No |
|---|---|---|
| 1 | Hospital Onboarding | 1 |
| 2 | Health Facility Details | 3 |
| 3 | Officer Details | 5 |



Prepared by:

**DR MANESH KUMAR E**

State Nodal Officer [ I T ]

Indian Systems of Medicine

# HAND BOOK ON NEXT GEN e-HOSPITAL ON-BOARDING

നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ [NIC] വികസിപ്പിച്ചെടുത്ത ഓപ്പൺ സോഴ്സ് ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം [HMIS] ആണ് e-Hospital[@NIC] . ഇ-ഹോസ്പിറ്റൽ ഓൺബോർഡിംഗ് ഇപ്പോൾ Next Gen E-Hospital ആയാണ് ചെയ്യുന്നത്. ഇ-ഹോസ്പിറ്റലിന്റെ പുതിയ വേർഷനാണ് Next Gen E-Hospital. നിലവിലുള്ള ഇ-ഹോസ്പിറ്റലുകളെല്ലാം Next Gen ലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സോഫ്റ്റ് വെയർ വഴി ആശുപത്രികളിലേയും ഡിസ്പെൻസറികളിലേയും ഓ.പി / ഐ.പി. മാനേജ്മെന്റ്, ഓ.പി. ടിക്കറ്റ് വിതരണം, മരുന്നുവിതരണം തുടങ്ങിയവയെല്ലാം ഓൺലൈനായി മാനേജ് ചെയ്യാൻ കഴിയും. കേരളത്തിലെ മിക്ക ജില്ലാ ആയുർവേദ ആശുപത്രികളിലും ചില ഡിസ്പെൻസറികളിലും ബേസിക് മോഡ്യൂൾ ആരംഭിച്ചിട്ടുണ്ട്.

ഓൺലൈൻ ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം താഴെ പറയുന്ന രീതിയിൽ രജിസ്റ്റർ ചെയാവുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശം ഡയറക്ടേറ്റിൽ നിന്നോ, ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നോ ലഭിച്ചാൽ മാത്രം ഈ സൈറ്റിൽ രജിസ്ട്രേഷൻ ചെയ്താൽ മതിയാകുന്നതാണ്.

## Hospital On – Boarding

Next Gen E-Hospital ൽ രജിസ്റ്റർ ചെയ്യുന്നതിനായി https://nextgen.ehospital.nic.in എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക. തുടർന്ന് ഇ - ഹോസ്പിറ്റലിന്റെ ഹോംപേജ് ഓപ്പൺ ആകുന്നതാണ്.




ഈ പേജിൽ മുകളിൽ കാണുന്ന **eHospital Onboard** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് e-Hospital@NIC യുടെ ഹോസ്പിറ്റൽ ഓൺബോർഡിംഗ് പേജ് ഓപ്പണാവുന്നതാണ്. അതിൽ ഓൺബോർഡിംഗിനായി 4 സ്റ്റെപ്പുകൾ കാണാവുന്നതാണ്.

1. **Accept Terms**
2. **Module Requirements**
3. **Health Facility Details**
4. **Officer Details**

## Accept Terms:


ഇ-ഹോസ്പിറ്റൽ സംബന്ധിച്ച Terms & Conditions ഈ പേജിൽ കാണാവുന്നതാണ്. അത് വായിച്ച് I have read and agree to the Terms & Conditions എന്ന കോളത്തിൽ ടിക്ക് മാർക്ക് ചെയ്തശേഷം, താഴെയായി കാണുന്ന **Next** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




Indian Systems of Medicine

## Module Requirements:

രണ്ടാമത്തെ പേജിൽ e-Hospital (Basic) എന്നതിന് നേരെയുള്ള ചെക്ക്ബോക്സിൽ ടിക്ക് മാർക്ക് ചെയ്തശേഷം താഴെയുള്ള Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.




# Health Facility Details:

മുമ്പുള്ള ഇ-ഹോസ്പിറ്റൽ ഓൺബോർഡിംഗ് അപേക്ഷകളിൽ, സ്ഥാപനത്തിന്റെ വിവരങ്ങൾ വിശദമായി എന്റർ ചെയ്തുനൽകണമായിരുന്നു. എന്നാൽ, ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ ഭാഗമായി HFR ID ക്രിയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ, കേവലം നിർദ്ദിഷ്ടകോളത്തിൽ HFR ID നൽകിയാൽ മതിയാകുന്നതാണ്.





HFID (ABDM) എന്ന കോളത്തിൽ HFR ID നൽകുന്നതോടെ നമ്മുടെ സ്ഥാപനത്തിന്റെ മുഴുവൻ വിവരങ്ങളും ഈ പേജിൽ തനിയേതന്നെ വരുന്നതാണ്. ആ വിവരങ്ങൾ എല്ലാം കൃത്യമാണെന്ന് ഉറപ്പ് വരുത്തിയശേഷം, താഴെയുള്ള Next ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ അവസാനപേജിലേക്ക് പ്രവേശിക്കാവുന്നതാണ്.




# Officer Details:

അവസാനപേജായ Officer Details ൽ സ്ഥാപനമേധാവിയുടേയും സ്ഥാപനത്തിലെ ഇ-ഹോസ്പിറ്റൽ നോഡൽ ഓഫീസറുടേയും വിവരങ്ങളാണ് നൽകേണ്ടത്. പ്രധാനമായും Name, Designation, E-Mail ID, Mobile number എന്നിവയാണ് ഈ പേജിൽ നൽകേണ്ടത്. ഡിസ്പെൻസറികളിൽ ഓഫീസ് മേധാവിയായും നോഡൽ ഓഫീസറായും ഒരാളുടെ വിവരങ്ങൾ തന്നെ നൽകാവുന്നതാണ്.





ഈ വിവരങ്ങൾ നൽകി Save ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ നോഡൽ ഓഫീസറുടെ മൊബൈലിലേക്ക് OTP വരുന്നതാണ്.




നിർദ്ദിഷ്ടകോളത്തിൽ OTP എന്റർ ചെയ്ത്, Verify OTP ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഇ-ഹോസ്പിറ്റൽ ഓൺബോർഡിംഗിനുള്ള അപേക്ഷ ഓൺലൈനായി സബ്മിറ്റ് ചെയ്യപ്പെടുന്നതാണ്. അപേക്ഷയുടെ ഹാർഡ്കോപ്പി

എങ്ങോട്ടും അയക്കേണ്ടതില്ല. അപേക്ഷ ഓൺലൈനായി സബ്മിറ്റ് ചെയ്തവിവരം ഐ.റ്റി.ഡിവിഷനേയോ ഇ-ഹോസ്പിറ്റൽ സ്റ്റേറ്റ് നോഡൽ ഓഫീസറേയോ ഫോണിൽ വിളിച്ച് അറിയിക്കേണ്ടതാണ്.




മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി, ഓൺബോർഡിംഗ് ചെയ്യുന്നത് NIC നേരിട്ടാണ്. NIC യുടെ ഡൽഹി വിംഗ് Next Gen E-Hospital ഓൺബോർഡിംഗ് ചെയ്യുന്ന മുറയ്ക്ക്, നോഡൽ ഓഫീസറെ വിവരങ്ങൾ മെയിൽ മുഖേനയും മെസേജ് മുഖേനയും അറിയിക്കുന്നതാണ്. ഇപ്രകാരം മെസേജ് വരുന്ന മുറയ്ക്ക്, നമ്മുടെ ഐ.റ്റി.ഡിവിഷനെ വിവരമറിയിക്കുമ്പോൾ, ബാക്കിയുള്ള കോൺഫിഗറേഷൻ ഐ.റ്റി.ഡിവിഷനിൽ നിന്നും ചെയ്തു നൽകുന്നതാണ്.